LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുള്ള തുക

178 (524) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ചെലവിടാതെ ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുള്ള പണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള തുക എത്ര ; മറ്റ് ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ?

(സി) ഏതെല്ലാം വർഷങ്ങളിൽ ചെലവഴിക്കേണ്ടിയിരുന്ന പണമായിരുന്നു ഇവയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 7-3-2015-ലെ കണക്കുകൾ പ്രകാരം സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും 4221.92 കോടി രൂപയാണ് ചെലവിടാതെ ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളത്. സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകളും ധനസഹായങ്ങളും ട്രഷറിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇത്തരം ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കാൻ പാടില്ലായെന്ന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽനിന്നും ഒഴിവാക്കിയ നികുതി നിർദ്ദേശങ്ങൾ

179 (525) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാറിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നികുതി നിർദ്ദേശങ്ങൾ പിന്നീട് വേണ്ടെന്ന് വയ്ക്കുകയുണ്ടായിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നികുതികൾ പിന്നീടുള്ള ബഡ്ജറ്റുകൾ വഴി വേണ്ടെന്ന് വയ്ക്കുകയോ, ഭാഗീകമാക്കുകയോ, കുറയ്ക്കുകയോ ചെയ്യുകയുണ്ടായിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിലെ ഏതെല്ലാം നിർദ്ദേശങ്ങൾ പിന്നീട് ധനകാര്യ ബില്ലിൽ ഉൾപ്പെടുത്താതിരുന്നിട്ടുണ്ട് ; ഏതെങ്കിലും നിർദ്ദേശങ്ങൾ പിന്നീട് ലഘൂകരിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ബഡ്ജറ്റുമായി ബന്ധപ്പെട്ട് വേണ്ടെന്നുവച്ച നികുതി നിർദ്ദേശങ്ങളും പിന്നീട് ലഘൂകരിച്ചവയും അനുബന്ധമായി ചേർക്കുന്നു.*

ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത വരവ് ചെലവ് തുക

180 (526) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷവും താഴെപ്പറയുന്ന ഇനങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവും എത്രയാണെന്നു വിശദമാക്കാമോ ; A. ടാക്സ് ഓൺ ഇൻകം ആന്റ് എക്സ്പെന്റിച്ചർ 1. ടാക്സ് ഓൺ അഗ്രികൾച്ചർ ഇൻകം B. ടാക്സസ് ഓൺ പ്രോപ്പർട്ടി ആൻറ് ക്യാപിറ്റൽ ട്രാൻസാക്ഷൻസ് 1. ലാന്റ് റവന്യൂ 2. സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ 3. പ്രോപ്പർട്ടി ഇതര മറ്റ് നികുതികൾ C. ടാക്സ് ഓൺ കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് 1. സ്റ്റേറ്റ് എക്സൈസ് 2. സെയിൽ ടാക്സ് ആന്റ് വാറ്റ് 3. ടാക്സസ് ഓൺ വെഹിക്കിൾസ് 4. ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസഞ്ചേഴ്സ് 5. ടാക്സസ് ഓൺ ഡ്യൂട്ടീസ് ആന്റ് ഇലക്ട്രിസിറ്റി 6. മറ്റ് ടാക്സസ് ആന്റ് ഡ്യൂട്ടീസ് ഓരോ വർഷവും മേൽപ്പറഞ്ഞവ ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം ലഭിച്ചു ; എത്ര ശതമാനം കുറവുണ്ടായി ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാന തനത് നികുതിയിനങ്ങളിൽ പ്രതീക്ഷിച്ച തുകയുടെയും യഥാർത്ഥത്തിൽ ലഭിച്ച തുകയുടെയും അതിന്റെ ശതമാന കണക്കും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രോജക്ടുകൾ

181 (527) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രധാനപ്പെട്ട പ്രോജക്ടുകൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.